പുതുതായി 400 kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു. ഖരമാലിന്യങ്ങൾ ശേഖരിച്ചു വേർതിരിക്കുന്നതിനായി ഷെഡ്ഡുകൾ നിർമ്മിച്ചു. അപ്പാച്ചി മേട്ടിലും നീലിമലയിലും താമസസൗകര്യങ്ങൾ ഉൾപ്പെടെയുള്ള കാർഡിയോളജി സെന്ററുകൾ സ്ഥാപിച്ചു. പമ്പയിൽ 160 പുതിയ ലാട്രിനുകൾ നിർമ്മിച്ചു. അപ്പാച്ചിമേട്ടിൽ വിശ്രമ കേന്ദ്രം സ്ഥാപിച്ചു. പരമ്പരാഗത പാതയിൽ ലാട്രിൻ ബ്ലോക്കുകൾ നിർമ്മിച്ചു. ചന്ദ്രാനന്ദൻ റോഡ് വീതി കൂട്ടി സംരക്ഷണ ഭിത്തി കെട്ടി കോൺക്രീറ്റ് ചെയ്തു. അപ്പാച്ചി മേട് നീലിമലഭാഗത്ത് 4 സ്ഥലങ്ങളിൽ മേൽക്കൂര നിർമ്മിച്ചു. ശബരിമലയിൽ 320 ലാട്രിനുകളും 80 ബാത്ത്റൂമുകളും നിർമ്മിച്ചു. സന്നിധാനത്തു നിന്നും മാളികപ്പുറത്തേക്കുള്ള ഫ്ളൈഓവറിനു മുകളിൽ മേൽക്കൂര നിർമ്മിച്ചു. ശബരിമലയിൽ 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള 2 വാട്ടർ ടാങ്കുകൾ നിർമ്മിച്ചു. ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനു വേണ്ടി മേൽനോട്ടം വഹിക്കാൻ ശ്രീ. കെ. ജയകുമാർ ഐ.എ.എസ്. അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം) അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതിയെ ബഹു. ഹൈക്കോടതി നിയോഗിച്ചിട്ടുണ്ട്. ഉന്നതാധികാരസമിതിയുടെ തീരുമാനപ്രകാരം പദ്ധതികൾക്കു വേണ്ട തുക സമാഹരിക്കുവാൻ "ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ട്രസ്റ്റ്" രൂപവൽകരിച്ച് പ്രവർത്തിച്ചുവരുന്നു. മാസ്റ്റർ പ്ലാനെ അടിസ്ഥാനമാക്കി നിലയ്ക്കൽ ശബരിമല എന്നിവയുടെ ലേഔട്ട് പ്ലാൻ തയ്യാറാക്കാനും കൃ കോംപ്ലക്സ് നിർമ്മാണത്തിന്റെ ഡിസൈൻ തയ്യാറാക്കാനും റോപ്പ്വേ നിർമ്മാണത്തിനുള്ള സാധ്യതാ റിപ്പോർട്ട് തയ്യാറാക്കാനും കരാറുകൾ നൽകിയിട്ടുണ്ട്.

(ബി&സി) പ്രധാനമായ ബുദ്ധിമുട്ട് സാമ്പത്തിക ലഭ്യതയിലാണ്. സാമ്പത്തിക സ്രോതസ്സ് വിപുലീകരിക്കുന്നതിലേക്ക് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

(ഡി) 2015 വരെയുള്ള ഒന്നാംഘട്ട പദ്ധതികളും 2050 വർഷം വരെയുള്ള രണ്ടാംഘട്ട പദ്ധതികളുമാണ് മാസ്റ്റർ പ്ലാനിലുള്ളത്. അവ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു.

(ഇ) മാസ്റ്റർ പ്ലാൻ നടപ്പിൽ വരുത്തുന്നതിന് 500 കോടി രൂപയിലധികം സമാഹരിക്കേണ്ടതുണ്ട്. വർഷാവർഷം ദേവസ്വം ബോർഡു ബഡ്ജറ്റുകളിൽ തുക വകകൊള്ളിച്ചിരിക്കുന്നു. തൽവർഷം ₹ 20 കോടി വകകൊള്ളിച്ചിരിക്കുന്നു.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

ശബരിമല മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടി

243 (2001) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) അരവണ ഉൾപ്പെടെയുള്ളവയുടെ നിർമ്മാണം ദേവസ്വം ബോർഡിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തി നൽകുന്നതിന് ക്രമീകരണം ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള വിഭവ സമാഹരണത്തിനായി ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ട്രസ്റ്റ് ബഹു. ഹൈക്കോടതിയുടെ അംഗീകാരത്തോടെ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ബഹു. ഹൈക്കോടതി നിയോഗിച്ച ദേവസ്വം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഉന്നതാധികാര സമിതിയും പ്രവർത്തിക്കുന്നുണ്ട്.

(ബി) അരവണയുൾപ്പെടെയുള്ള പ്രസാദങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചുമതലയിൽ ഗുണനിലവാരത്തോടെ നിർമ്മിച്ച് ഭക്തജനങ്ങൾക്ക് നൽകി വരുന്നുണ്ട്.

ശബരിമല മാസ്റ്റർ പ്ലാൻ

244 (2002) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം ശബരിമലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ശബരിമല മാസ്റ്റർ പ്ലാനിന് തുടക്കം കുറിച്ചതെപ്പോഴാണ് ; വകയിരുത്തിയ തുക എത്രയെന്നും, എപ്പോൾ പ്ലാൻ പൂർത്തീകരിക്കാനാവുമെന്നും വിശദീകരിക്കുമോ ;

(ഇ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ട് ഫണ്ട് സ്വരൂപിക്കുന്നതിന്റെ പുരോഗതി വിശദീകരിക്കുമോ ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ പ്രാദേശിക വികസനം, അടിസ്ഥാന സൗകര്യവികസനം, ഗതാഗത സൗകര്യ വികസനം, കുടിവെള്ള വിതരണം ഖരമാലിന്യ നിർമ്മാർജ്ജനം, സാനിട്ടേഷൻ താമസസൗകര്യ വികസനം കമ്മ്യൂണിക്കേഷൻ, ലാന്റ് സ്കേപ്പിംഗ് ദുരന്തനിവാരണം, അപ്പം അരവണ കോംപ്ലക്സ് ക്ഷേത്രസമുച്ചയങ്ങളുടെ വിപുലീകരണം എന്നിവയിൽ ഉൾപ്പെടുത്തി വളരെയധികം പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly